## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1780 — 14.07.2011 - ൽ മറുപടിക്ക്

## കാൻസർ രോഗികളുടെ വർദ്ധനവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) സംസ്ഥാനത്ത് കാൻസർ രോഗത്തിന് ചികിത്സ ലഭ്യമാകുന്ന ആശുപത്രികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ, അമല കാൻസർ & റിസർച്ച് സെന്റർ തൃശൂർ, അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് കൊച്ചി, മലബാർ കാൻസർ സെന്റർ തലശ്ശേരി, പരിയാരം മെഡിക്കൽ കോളേജ്, സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജുകളിലും, ജില്ലാ/ജനറൽ/ഡബ്ല്യു. & സി. ആശുപത്രികളിലും, ചിലതാലൂക്ക് ആശുപത്രികളിലും, ചുരുക്കം ചില സ്വകാര്യ ആശുപത്രികളിലും കാൻസർ രോഗനിർണ്ണയവും, ചികിത്സകളും ലഭ്യമാക്കുന്നുണ്ട്. |
| (സി) മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും കാൻസർ രോഗ ചികിത്സയ്ക്ക് എല്ലാവിധ സൗകര്യങ്ങളും ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ; | (സി) എല്ലാ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലെ വിവിധ സ്പെഷ്യാലിറ്റി ഡിപ്പാർട്ടുമെന്റുകളുടെ പ്രവർത്തനത്തിന്റെ ഭാഗമായി കാൻസർ രോഗ നിർണ്ണയവും, സർജിക്കൽ ചികിത്സകളും നടന്നുവരുന്നു. മലബാർ കാൻസർ സെന്ററിന്റെ നേതൃത്വത്തിൽ കാഞ്ഞങ്ങാട് ഗവൺമെന്റ് ഹോസ്പിറ്റലിൽ കാൻസർ ഒ.പി ആരംഭിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) ഗ്രാമീണ മേഖല മുതൽ കാൻസർ രോഗത്തെ സംബന്ധിച്ച ബോധവൽക്കരണ പരിപാടികൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | (ഡി) ഗ്രാമീണ മേഖലയിൽ കാൻസർ രോഗത്തെ സംബന്ധിച്ച് ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററും, തലശ്ശേരിയിലെ മലബാർ കാൻസർ സെന്ററും കാൻസർ ബോധവൽക്കരണ പരിപാടികളും രോഗ നിർണ്ണയ ക്യാമ്പുകളും നടത്തി വരുന്നുണ്ട്. കൂടാതെ, ആർ.സി.സി. പാലക്കാട്, ഇടുക്കി ജില്ലകളിലെ പട്ടികജാതി/പട്ടികവർഗ്ഗ മേഖലകളിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ച് കാൻസർ നിയന്ത്രണ പദ്ധതികളും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ആഫീസർ